**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊല്ലം നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1270/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 21.06.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.02.2014 തീയതിയിലെ ഇ 2(എസ്.സി 72/13/കെഎൽഎം) 31556/2013 നം. കത്ത്

2. സർക്കാരിന്റെ 24.03.2015 തീയതിയിലെ 54832/ഇയു2/2014 തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 21.02.2019 തീയതിയിലെ വി1- 8070/15 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം നഗരസഭയിൽ എഞ്ചിനീയറിംഗ് സെക്ഷൻ മിനിസ്റ്റീരിയൽ വിഭാഗത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റ് 15.10.2013- ൽ നടത്തിയ മിന്നൽ പരിശോധനയിൽ ടി നഗരസഭയിലെ ജീവനക്കാർ അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാത്തതായും അനധികൃതമായി അവധിയെടുത്തിട്ടുള്ളതായും കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ സൂപ്രണ്ട് ശ്രീ.എസ്.ഷാജി, സീനിയർ ക്ലാർക്ക് ശ്രീ.റ്റി.എസ്.വിജോയി എന്നിവർക്ക് കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാളുകൾ സമർപ്പിച്ച മറുപടികളിന്മേൽ കൊല്ലം നഗരസഭാ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു

2. ശ്രീ എസ്. ഷാജി എഞ്ചിനീയറിംഗ് സെക്ഷൻ മിനിസ്റ്റീരിയൽ വിഭാഗം സൂപ്രണ്ടായി സേവനമനുഷ്ഠിച്ചുവരവെ PW7-BA-122/11-12-ാം നമ്പർ അപേക്ഷയ്ക്ക് മുമ്പായി ലഭിച്ചതും ആയതിനോട് ചേർന്ന് ലഭിച്ചതുമായ നിരവധി അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാതെ സൂക്ഷിച്ചുവന്നതിനും ടി അപേക്ഷകൾ രജിസ്റ്റർ ചെയ്തിരുന്ന രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തലുകൾ നടത്തിയിരുന്നില്ലായെന്നും കണ്ടെത്തുക

യുണ്ടായി. ആയത് സൂപ്രണ്ട് എന്ന നിലയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ മേൽനോട്ട വീഴ്ചയാണെന്നതാണ് ശ്രീ എസ്. ഷാജിക്കെതിരയുള്ള ആരോപണം .

3..വിജിലൻസ് പരിശോധനാ ദിവസമായ 15.10.2013- ൽ ശ്രീ റ്റി. എസ് വിജോയ് അനധികൃതമായി ഹാജരാകാതിരുന്നുവെന്നും PW-7 BA-122/11-12-ാം നമ്പർ അപേക്ഷയ്ക്ക് മുമ്പായി ലഭിച്ചതും ആയതിനോട് ചേർന്ന് ലഭിച്ചതുമായ നിരവധി അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാതെ സൂക്ഷിച്ചുവന്നതിനും ടി അപേക്ഷകൾ രജിസ്റ്ററുകളിൽ യഥാവിധി രേഖപ്പെടുത്തലുകൾ നടത്തിയിരുന്നില്ലായെന്നും കണ്ടെത്തിയിട്ടുള്ളതിനാലാണ് ടിയാന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിട്ടുള്ളത് .

4. എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ടായിരുന്ന ശ്രീ.എസ്.ഷാജി ഓഫീസ് പ്രവർത്തനങ്ങളിൽ വളരെ കൃത്യനിഷ്ഠയോടും ഉത്തരവാദിത്വത്തോടും പ്രവർത്തിച്ചിട്ടുള്ള ജീവനക്കാരനാണെന്നും ടിയാൻ 31.05.2015- ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു. വിജിലൻസ് 15.10.2013- ൽ പരിശോധന നടത്തുമ്പോൾ ശ്രീ റ്റി.എസ് വിജോയ് കോട്ടയം നഗരസഭയിലാണ് ജോലി ചെയ്തുവന്നിരുന്നതെന്നും ടിയാന് ചുമതലയുണ്ടായിരുന്ന PW7 സെക്ഷനിലെ ചാർജ്ജിന് പുറമെ നഗരസഭയിലെ വിവിധ വിഭാഗങ്ങളിലെ ഫയലുകൾകൂടി ടിയാൻ കൈകാര്യം ചെയ്തുവന്നിരുന്നതായും ടിയാന് അമിത ജോലിഭാരം ഉണ്ടായിരുന്നതായും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5.നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പൊതു ജനങ്ങളിൽ നിന്നുള്ള നിരവധി അപേക്ഷകളിൽ നടപടി സ്വീകരിക്കാതെ സൂക്ഷിച്ചിരുന്നതും രജിസ്റ്ററുകളിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്താതിരുന്നതും ആശാസ്യമല്ലാത്തതും സേവനവകാശ നിയമപ്രകാരം കുറ്റകരവുമാണ് എന്നും ജോലി ഭാരം നിമിത്തമാണ് നടപടി സ്വീകരിക്കാതെ വന്നിട്ടുള്ളതെന്ന ന്യായീകരണത്തിന് സാധുത ഇല്ലാത്തതും മേൽനോട്ടപിഴവുണ്ടായിട്ടുള്ളത് ഗൗരവമായി കാണുന്നതുമാണ് എന്നറിയിക്കുന്നു. എന്നാൽ ശ്രീ റ്റി.എസ്.വിജോയിയുടെ മറുപടി പ്രകാരം ടിയാൻ വിജിലൻസ് പരിശോധന നടക്കുന്നതിന് ഏകദേശം 3 മാസം മുമ്പ് കോട്ടയം നഗരസഭയിലേയ്ക്ക് സ്ഥലംമാറി പോയിട്ടുള്ളതും വിജിലൻസ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന ഫയലിൽ നടപടിയെടുത്തിട്ടുള്ളതും എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്താതെ പോയിട്ടുള്ളതുമാണ്. രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല എന്ന കുറ്റം മാത്രമാണ് സെക്ഷൻ ക്ലാർക്കിന്റെ മേൽ ചുമത്തപ്പെടാവുന്നത്. സൂപ്രണ്ടായിരുന്ന ശ്രീ എസ് ഷാജിയുടെ മറുപടി പ്രകാരം അപാകതകൾ ഉള്ള അപേക്ഷകളിന്മേലാണ് തീർപ്പുകൽപ്പിക്കുന്നതിന് താമസമുണ്ടായിട്ടുള്ളത്. ടി സാഹചര്യത്തിൽ നിലവിൽ സൗത്ത് പരവൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായി ജോലി നോക്കുന്ന ശ്രീ റ്റി.എസ് വിജോയിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ തുടർന്ന് വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ കർശനമായ താക്കീത് നൽകാവുന്നതാണെന്നും 31.05.2015- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള സൂപ്രണ്ട് എസ്.ഷാജിയെ മാനുഷിക പരിഗണനയുടെ പേരിൽ തുടർന്നുള്ള അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യഡയരക്ടർ ശുപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്,കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി, നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചു. 31.05.2015- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള സൂപ്രണ്ട് എസ്.ഷാജിയ്ക്കെതിരേ മേൽനോട്ടക്കുറവ് എന്ന ആരോപണം മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്നും അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല എന്ന ആരോപണത്തിന് സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.റ്റി.എസ്.വിജോയിയുടെ മറുപടിയും, നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടും ഏറെക്കുറേ അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ കൊല്ലം നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ ഭാഗമായി ടി നഗരസഭയിലെ സൂപ്രണ്ട് ശ്രീ എസ്. ഷാജി, സീനിയർ ക്ലാർക്ക് ശ്രീ.റ്റി. എസ്.വിജോയി എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, 31.05.2015- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള സൂപ്രണ്ട് എസ്. ഷാജിയെ അച്ചടക്ക നടപടിയിൽനിന്നും ഒഴിവാക്കിയും സെക്ഷൻ ക്ളാർക്ക് ശ്രീ ജോയിയുടെ ഭാഗത്തു വീഴ്ചയുണ്ടായിയെന്നു കാണുന്നതിനാൽ ടിയാന് 'സെൻഷർ' നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ എസ്. ഷാജി ,സൂപ്രണ്ട്, കൊല്ലം നഗരസഭ } (നഗരകാര്യ
ശ്രീ.റ്റി. എസ്. വിജോയി, സീനിയർ ക്ലാർക്ക്, കൊല്ലം നഗരസഭ } ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(17.04.2019 തീയതിയിലെ VIG-D1/268/2019-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ